"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനികക്ഷേമ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിൽ ഉൾപ്പെട്ട 4.05 ആർസ് ഭൂമി കെക്സ്കോൺ കേന്ദ്രകാര്യാലയവും അനുബന്ധ സ്ഥാപനങ്ങളും നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ നൽകിയ ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനികക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.59/2026/SWD തീയതി,തിരുവനന്തപുരം, 16-04-2026

---

പരാമർശം:- 1. 02.05.2025ലെ സ.ഉ(സാധാ)നം.23/2025/SWD നമ്പർ ഉത്തരവ്

2. 28.05.2025ലെ സ.ഉ(സാധാ)നം.1272/2025/റവ ഉത്തരവ്

3. 10.03.2026ലെ സ.ഉ(സാധാ)നം.583/2026/RD ഉത്തരവ്

**ഉത്തരവ്**

കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷന് കേന്ദ്രകാര്യാലയവും അനുബന്ധ സ്ഥാപനങ്ങളും നിർമ്മിക്കുന്നതിനായി പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ ബ്ലോക്ക് നം.89-ൽ റീസർവ്വേ 46-ൽപ്പെട്ട 4.05 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. 2013ലെ ആർ.എഫ്.സി.റ്റിഎൽ.എ. ആർ.ആർ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം(2) ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകിയിരുന്നു.

2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ വ്യവസ്ഥകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ പരാമർശം (2) ഉത്തരവ് 23.07.2025ലെ കെക്സ്കോൺ ഡയറക്ടർ ബോർഡ് മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും തിരുവനന്തപുരം ജില്ലാ കളക്ടറുടെ ശിപാർശ പരിഗണിച്ചും പരാമർശം (3) ഉത്തരവിലൂടെ റദ്ദാക്കിയിട്ടുണ്ട്. പരാമർശം (2) ഉത്തരവ് റദ്ദാക്കിയ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ ബ്ലോക്ക് നം.89-ൽ റീസർവ്വേ 46-ൽപ്പെട്ട 4.05 ആർസ് ഭൂമി കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷന് കേന്ദ്രകാര്യാലയവും അനുബന്ധ സ്ഥാപനങ്ങളും നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1)പ്രകാരം നൽകിയ ഭരണാനുമതി റദ്ദാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്

അഡീഷണൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരം
2.ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4.അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5.റവന്യൂ (ബി) വകുപ്പ് (REV-B3/109/2024-REV)
6.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പിആർഡി
7.സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Pradeepan A V
Date: 17-04-2026 11:15:24
സെക്ഷൻ ഓഫീസർ

പകർപ്പ്-
1.ബഹു.മുഖ്യമന്ത്രിയുടെ പി.എസ്സ്
2.സൈനികക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
3.സൈനികക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്